അവർക്ക് അവസരം കൊടുക്കണമെന്നു പറഞ്ഞു. ഞങ്ങളിന്ന് 'അമ്മ'യുടെ പ്രതിനിധികളായ ശ്രീ. മമ്മൂട്ടിയോടും ശ്രീ. മോഹൻലാലിനോടും സഭാ സമ്മേളനം കഴിഞ്ഞ് 7 മണിക്ക് കാണാമെന്ന് പറഞ്ഞിട്ടുണ്ട്. 'മാക്ട'യുടെ പ്രതിനിധികൾ മുഖ്യമന്ത്രിയെ വിളിച്ചു, മുഖ്യമന്ത്രി അവരെ കാണാൻ അനുവാദം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ ഒരു കാര്യം, സിനിമാ രംഗത്ത് എന്ത് പ്രശ്നങ്ങളുണ്ടായാലും, സിനിമാ വ്യവസായം സ്തംഭിക്കുന്ന അവസരങ്ങളിൽ അതിൽ ഇടപെടാനുള്ള അവകാശവും അധികാരവും ഗവൺമെന്റിനുണ്ട്. അതുകൊണ്ടാണ് 'അമ്മ'യുമായി ഞങ്ങൾ ഒരു കോൺഫറൻസ് വിളിച്ചത്. പക്ഷെ ആ കോൺഫറൻസിൽ ഫിലിം ചേമ്പറിന്റെ പ്രതിനിധികളെടുത്ത ഒരു നിലപാട് ഇതിൽ എന്തിനാണ് ഗവൺമെന്റ് ഇടപെടുന്നത് എന്നതായിരുന്നു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ആ വ്യവസായ രംഗത്തുള്ള ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടയവസരത്തിൽ ഒരു കോൺഫറൻസ് വിളിച്ചു. അതിൽ ഫിലിം ചേമ്പറിന്റെ പ്രതിനിധികൾ പങ്കെടുക്കുകയേ ചെയ്തില്ല.

Mr. Speaker: Government should not tolerate it.

ശ്രീ. എം.എം. ഹസ്സൻ: എന്നിട്ടുപോലും സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട, ആയിരക്കണക്കിന് ആളുകൾ തൊഴിൽരഹിതരാകുന്ന ഒരവസ്ഥ ഒഴിവാക്കാനാണ് ഗവൺമെന്റ് ചർച്ചയ്ക്ക് വിളിച്ചത്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു തുറന്ന മനസ്സാണുള്ളത്. മന്ത്രിസഭാ ഉപസമിതി തീരുമാനിച്ചതും അതാണ്. അതുകൊണ്ട് ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് എപ്പോഴും ഒരുക്കമാണ്. സമരം ചെയ്യുന്ന ആളുകൾ ഗവൺമെന്റിൽ രേഖാമൂലം ആവശ്യപ്പെടുകയോ അവർ നേരിട്ട് വന്ന് സംസാരിക്കുകയോ ചെയ്താൽ തീർച്ചയായിട്ടും ഈ ഉപസമിതിയുമായി ആലോചിച്ച് ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചുകൊടുക്കും. അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കും.

10.00 a.m.]

(2) 'മിൽമ ഫുഡ് ലിമിറ്റഡ്' ഒഴിവാക്കണമെന്ന ആവശ്യം

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ക്ഷീരോൽപ്പാദകരും ജീവനക്കാരും കഴിഞ്ഞ ഇരുപത് വർഷക്കാലമായി കഠിനാദ്ധ്വാനത്തിലൂടെ പ്രശംസനീയമായ, മാതൃകാപരമായ പ്രവർത്തനത്തിലൂടെ പടുത്തുയർത്തിയ മിൽമ എന്ന സഹകരണ പ്രസ്ഥാനത്തെ "കേരളം കണികണ്ടുണരുന്ന നൻമ"യാക്കിയ, പ്രസ്ഥാനത്തെ, ഇപ്പോൾ ഒരു സ്വകാര്യ കമ്പനിയാക്കാൻ ശ്രമിച്ചുവരുന്നു. മിൽമയുടെ കഴിഞ്ഞ ഒരു വർഷക്കാലത്തെ നഷ്ടം നാല് കോടി രൂപയാണ്. നഷ്ടത്തിൽ പോകുന്ന ഒരു സ്വകാര്യ കമ്പനിയാക്കി മിൽമയെ മാറ്റുന്നത് കേരളത്തിലെ ക്ഷീര കർഷകരോട് ചെയ്യുന്ന കടുത്ത ദ്രോഹമായിരിക്കും. അങ്ങേയ്ക്കറിയാം, അങ്ങാണ് കേരളത്തിൽ മിൽമ എന്ന പ്രസ്ഥാനത്തിന് തുടക്കമിട്ടത്. ബഹുമാന്യയായ ഗൗരിയമ്മയാണ് ഇതിന് പിറവി കൊടുത്തത്. 20 വയസ്സായ ഒരു യുവസുന്ദരിയെപ്പോലെയുള്ള മിൽമയെ സ്വകാര്യ കമ്പനിയാക്കി മാനഭംഗപ്പെടുത്താൻ മന്ത്രി കൂട്ടുനിൽക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): സർ, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്ന ഒരു അപ്പക്സ് സൊസൈറ്റിയാണ് മിൽമ. മിൽമയും എൻ.ഡി.ഡി.ബി.-യും ചേർന്ന് ക്ഷീര വിപണനം ശക്തിയാർജ്ജിക്കാൻ ഒരു സ്പെഷ്യലൈസ്ഡ് ഏജൻസി വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മിൽമ ഫുഡ് രൂപംകൊണ്ടത്. ആ മിൽമ ഫുഡിന് മിൽമയുടെ ജനറൽ ബോഡിയുടെ ഏകകണ്ഠേനയുള്ള അംഗീകാരവും ഉണ്ടായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ മിൽമയുടെ നയപരമായ ആ തീരുമാനം പിന്നീട് ഗവൺമെന്റിന് അംഗീകരിക്കേണ്ടി വന്നു. ഇന്നിപ്പോൾ ഒരു കൊല്ലക്കാലത്തെ പ്രവർത്തനത്തിനുശേഷം മിൽമയുടെ ജനറൽ ബോഡി പിരിഞ്ഞുപോകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരോട് ഒരു ചർച്ചയ്ക്കുപോലും ഇടംകൊടുക്കാതെ ഇങ്ങനെയൊരു തീരുമാനത്തിലെത്തിയിരിക്കുകയാണ്. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിച്ചു വരുകയാണ്.

(3) അദ്ധ്യാപക തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ സംസ്ഥാനത്ത് 12,367 എൽ.പി., യു.പി. സ്കൂളുകളും 962 ഹയർ സെക്കന്ററി സ്കൂളുകളുമുൾപ്പെടെ 13,329 വിദ്യാലയങ്ങളുണ്ട്. ഇതിൽ ഏതാണ്ട് പകുതിയോളം സർക്കാർ വിദ്യാലയങ്ങളാണ്. സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഇരുപത്തിയഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾ ഈ അദ്ധ്യയന വർഷം ആരംഭിച്ചതോടെ അങ്ങേയറ്റം ആശങ്കയിലാണ്. പല സ്കൂളുകളിലും അദ്ധ്യാപകരില്ല. എൽ. പി., യു. പി., എച്ച്. എസ്. എ. തസ്തികകളിലാണെങ്കിൽ ആറായിരത്തോളം ഒഴിവുകൾ നിലവിലുണ്ട്. ഹയർ സെക്കന്ററിയിലാണെങ്കിൽ ഗസ്റ്റ് ലക്ചറർമാരാണ് അവിടെ ജോലി ചെയ്യുന്നത്. സ്ഥിരം അദ്ധ്യാപകർ ഇല്ല. അവിടേയും അയ്യായിരത്തോളം ഒഴിവുകളുണ്ട്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ ഗവൺമെന്റ് പുതുതായി പ്രഖ്യാപിച്ചിട്ടുള്ള 206 സ്കൂളുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. അതുകൊണ്ടാണ് അവിടെ അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്ത പുതിയ സ്ഥിതിവിശേഷമുണ്ടാകാൻ പോകുന്നത്. ഈ മൂവായിരത്തോളം തസ്തികകൾ സൃഷ്ടിക്കാതെയുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ പി.ടി.എ. ഗസ്റ്റ് ലക്ച്ചറർമാരായി ഇവർക്ക് ശമ്പളം കൊടുക്കേണ്ടതായ സ്ഥിതി വരും. പി.എസ്.സി. ലിസ്റ്റാണെങ്കിൽ എല്ലാ ജില്ലകളിലും നിലവിലുണ്ട്. എൽ.പി., യു.പി., എച്ച്.എസ്.എ. ലിസ്റ്റ് എല്ലാ ജില്ലകളിലുമുണ്ട്, എച്ച്.എസ്.എ.-യ്ക്ക് ചില സബ്ജക്ടുകളിൽ മാത്രമേ ചില ജില്ലകളിൽ ലിസ്റ്റ് ഇല്ലാതുള്ളു. ലിസ്റ്റുകൾ നിലവിലിരിക്കെ അതിൽനിന്നും നിയമനം നടത്തുന്നില്ല. 29-5-2004-ന് വിദ്യാഭ്യാസ വകുപ്പ് ഒരു ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ആ ഉത്തരവിലാണെങ്കിൽ പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കെ അതാത് ഡി.ഡി.-മാർക്ക് നിയമനം നടത്താൻ അധികാരം കൊടുത്തിരിക്കുകയാണ്. ഇത് ഹൈക്കോടതി ഉത്തരവിനെത്തന്നെ മറികടന്നുകൊണ്ടുള്ള ഒരു തീരുമാനമാണ്. അതുകൊണ്ട് 29-5-2004-ന് ഇറക്കിയ ഈ ഉത്തരവ് റദ്ദാക്കുകയും പി.എസ്.സി. ലിസ്റ്റിൽ നിന്ന് അടിയന്തിരമായി നിയമനം നടത്തുകയും ചെയ്യണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly